**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 795 — 30.06.2011 ൽ മറുപടിക്ക്

## അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റിയുടെ ഓഫ് ക്യാമ്പസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.സണ്ണി ജോസഫ് | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റി യുടെ ഓഫ് ക്യാമ്പസ് സംസ്ഥാനത്ത് സ്ഥാപിക്കുവാൻ കേന്ദ്രം അനുവാദം നൽകിയതെന്നാണ് ; | (എ) 27.4.2010 നാണ് കേന്ദ്രം അനുവാദം നൽകിയത്. ഈ അനുമതിയെ തുടർന്ന് സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ടിൽ വരുത്തിയ ഭേദഗതികൾക്ക് 12.10.2010 ന് കേന്ദ്രം അംഗീകാരം നൽകി. |
| (ബി) അതിനുവേണ്ടി കേന്ദ്രം എന്തു തുക അനുവദിച്ചു ; എന്നാണ് ഈ തുക അനുവദിച്ചത് ; | (ബി) 2009-10 ലെ ബഡ്ജറ്റിൽ അലിഗഡ് മുസ്ലീം സർവ്വകലാശാലയുടെ മലപ്പുറം കേന്ദ്രത്തിന് കേന്ദ്ര ഗവൺമെന്റ് 25 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിനെത്തുടർന്ന് സർവ്വകലാശാലാ ധനസഹായ കമ്മീഷൻ 31.3.2010 ൽ പ്രസ്തുത കേന്ദ്രത്തിനായി 10 കോടി രൂപ അനുവദിച്ചു. |
| (സി) പ്രസ്തുത ഓഫ് ക്യാമ്പസ് സ്ഥാപിക്കുന്നതിന്റെ ഇപ്പോഴത്തെ അവസ്ഥയെന്ത് ; വ്യക്തമാക്കുമോ? | (സി) അലിഗഡ് മുസ്ലീം സർവ്വകലാശാലയുടെ മലപ്പുറം കേന്ദ്രത്തിനായി പെരിന്തൽമണ്ണ താലൂക്കിലെ ഏലംകുളം, ആനമങ്ങാട്, പാതായിക്കര എന്നീ വില്ലേജുകളിലായി 335.99 ഏക്കർ ഭൂമി രണ്ട് ഘട്ടങ്ങളിലായി ഏറ്റെടുത്ത് സർവ്വകലാശാലാ അധികൃതർക്ക് കൈമാറിയിട്ടുണ്ട്. ഏറ്റെടുത്ത സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്കായി റോഡ്, വെള്ളം, വൈദ്യുതി എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി യഥാക്രമം, പൊതുമരാമത്ത് വകുപ്പ്, ജലവിഭവ വകുപ്പ്, വൈദ്യുതി വകുപ്പ് എന്നിവയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വെള്ളം, വൈദ്യുതി എന്നിവയ്ക്കുവേണ്ട എസ്റ്റിമേറ്റ് ബന്ധപ്പെട്ട വകുപ്പുകൾക്ക് നല്കിയിട്ടുണ്ട്. 2010-11 ൽ തന്നെ ക്ലാസ്സുകൾ ആരംഭിയ്ക്കണമെന്ന തീരുമാനപ്രകാരം വാടക കെട്ടിടത്തിൽ പഞ്ചവത്സര ബി.എ.എൽ.എൽ.ബി., എം.ബി.എ. എന്നീ കോഴ്സുകൾ 28.2.2011 മുതൽ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ